# STD - II

## അദ്ധ്യാപക സഹായി

## പാഠം രണ്ട്    വിലക്കപ്പെട്ട കനി    ഭാഗം - ഒന്ന്

### ലക്ഷ്യം

ദൈവത്തിന്റെ സ്നേഹം നിരസിക്കുന്നത് പാപമാണ്. ദൈവത്തെ അനുസരിക്കുകയും പാപത്തിൽനിന്ന് അകന്നുനിൽക്കുകയും ചെയ്യും.

### പഠനസഹായികൾ

ഏദൻതോട്ടത്തിന്റെ ഒരു പടം; അതിൽ ജീവന്റെ വൃക്ഷവും അറിവിന്റെ വൃക്ഷവും കാണിക്കുക. ഏദൻതോട്ടത്തെ നമ്മുടെ വീട് (ഭവനം) ആയി സങ്കൽപ്പിക്കുക. ജീവന്റെ വൃക്ഷം (അപ്പൻ, അമ്മ, അദ്ധ്യാപകൻ, മുതിർന്നവർ), അറിവിന്റെ വൃക്ഷം (ടി.വി., കമ്പ്യൂട്ടർ, മൊബൈൽ, ഗെയിം മുതലായവ), സാത്താൻ (നമ്മെ പാപത്തിലേക്ക് നയിക്കുന്ന വ്യക്തികൾ. ഉദാ: സുഹൃത്തുക്കൾ, ബന്ധുക്കൾ, അയൽവാസികൾ). കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുക. വചനം - റോമ.5:12

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവസ്നേഹത്തിൽ ജീവിച്ചപ്പോൾ ആദത്തിനും ഹവ്വായ്ക്കും ഏദൻതോട്ടത്തിൽ സന്തോഷത്തിന് അതിരില്ലായിരുന്നു.

* ദൈവമാണ് അവർക്കു വേണ്ടതെല്ലാം നൽകിയത്.

* കനി എന്നാൽ പഴം എന്നർത്ഥം. തോട്ടത്തിന്റെ നടുവിൽ രണ്ട് വൃക്ഷങ്ങൾ നിന്നിരുന്നു. ജീവന്റെ വൃക്ഷവും അറിവിന്റെ വൃക്ഷവും.

### പ്രാർത്ഥന

ദൈവമേ, ദൈവസ്നേഹത്തിൽ വളരുവാൻ ഞങ്ങളെ സഹായിക്കണമേ. ആമേൻ.

### ചോദ്യങ്ങൾ

1. ആദത്തിനും ഹവ്വായ്ക്കും താമസിക്കാൻ ദൈവം ഒരുക്കിയ സ്ഥലം ഏത്?
2. ഏദൻതോട്ടത്തിൽ എന്തെല്ലാം ഉണ്ടായിരുന്നു?
3. ഏദൻതോട്ടത്തിന്റെ നടുവിൽ നിന്നിരുന്ന വൃക്ഷങ്ങൾ ഏതെല്ലാം?
4. വിലക്കപ്പെട്ട കനി ഏത്?
5. നന്മതിന്മകളുടെ വൃക്ഷം ഏതാണ്?

# STD - II

## അദ്ധ്യാപക സഹായി

**<u>പാഠം രണ്ട് വിലക്കപ്പെട്ട കനി ഭാഗം - രണ്ട്</u>**

### ലക്ഷ്യം

ദൈവകല്പനകളുടെ ലംഘനമാണ് പാപം. ദൈവത്തിന്റെ കല്പനകളനുസരിച്ച് സ്നേഹത്തിൽ വളരും.

### പഠനസഹായികൾ

ദൈവകല്പനകളുടെ ചാർട്ട്. ഒന്നുമുതൽ മൂന്നുവരെയുള്ളത് ദൈവത്തോടുള്ള കല്പന. 4-10 വരെയുള്ളത് മനുഷ്യരോടുള്ള കല്പന.

### പാഠത്തിന്റെ ഉള്ളടക്കം

* ആദവും ഹവ്വയും ദൈവകല്പന ലംഘിച്ച് വിലക്കപ്പെട്ട കനി ഭക്ഷിച്ചു.
* ദൈവകല്പനയുടെ ലംഘനമാണ് പാപം. ലംഘനമെന്നാൽ അനുസരിക്കാതിരിക്കുക
* ദൈവത്തിന്റെ സ്നേഹം നിരസിക്കുന്നത് പാപം.
* സാത്താനാണ് അവരെ പാപത്തിൽ വീഴ്ത്തിയത്.
* പാപം ചെയ്യുന്നതുവഴി നാം ദൈവസ്നേഹം നിരസിച്ച് ദൈവത്തിൽ നിന്നകലുന്നു.
* ഒന്നുമുതൽ മൂന്നുവരെയുള്ള കല്പനകൾ ദൈവത്തെ സ്നേഹിക്കുന്നതിന് നാലുമുതൽ പത്തുവരെയുള്ളത് മനുഷ്യരെ സ്നേഹിക്കുന്നതിന്.

### പ്രാർത്ഥന

ദൈവമേ, അങ്ങയുടെ കല്പനകളനുസരിച്ച് ദൈവസ്നേഹത്തിൽ വളരുവാൻ ഞങ്ങളെ സഹായിക്കണമേ. ആമേൻ

### ചോദ്യങ്ങൾ

1. ആദിമാതാപിതാക്കൾ എന്താണ് ലംഘിച്ചത്? ഉത്തരം: ദൈവകല്പന
2. പാപം ചെയ്യുമ്പോൾ നാം എന്ത് നിരസിക്കുന്നു? ഉത്തരം: ദൈവസ്നേഹം
3. ദൈവകല്പനകളുടെ ലംഘനം എന്താണ്? ഉത്തരം: പാപം
4. ദൈവത്തിന്റെ സ്നേഹം നിരസിക്കുന്നത് എന്താണ്? ഉത്തരം: പാപം
5. പാപത്തിൽനിന്ന് അകന്നിരിക്കാൻ ആരെ അനുസരിക്കണം? ഉത്തരം: ദൈവത്തെ.